എസ്. എസ്. എ. ഫണ്ട് ലഭ്യമാക്കാനുള്ള നടപടി

172 [755] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം ഗവൺമെന്റ് സ്കൂളുകൾക്ക് നിർമ്മാണപ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണുള്ളത്;

(ബി) സ്കൂളുകളുടെ സ്ഥലവും കെട്ടിടവും ബഹുമാനപ്പെട്ട ഗവർണ്ണറുടെ പേരിലേക്ക് മാറ്റിനൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) ബേപ്പൂർ ഗവ. എൽ. പി. സ്കൂളിന് എസ്. എസ്. എ. ഫണ്ട് ലഭിക്കുന്നതു സംബന്ധിച്ച് നൽകിയ നിവേദനത്തിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) ഈ കാര്യത്തിൽ വിദ്യാഭ്യാസ തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സെക്രട്ടറിതല ചർച്ച നടത്തി വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) വ്യവസ്ഥകൾ ലഘൂകരിച്ച് എസ്. എസ്. എ. ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾക്ക് രൂപം നൽകാമോ?

ഉത്തരം

(എ) (1) നിർമ്മാണപ്രവർത്തനങ്ങൾക്കു വേണ്ട സ്ഥലം സ്കൂളിന് സ്വന്തമായി ഉണ്ടായിരിക്കണം.

(2) എന്തു നിർമ്മാണപ്രവർത്തനമാണോ വേണ്ടത് അതിന്റെ ആവശ്യം സ്കൂളിൽ ഉണ്ടായിരിക്കണം.

(3) നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ സ്കൂൾ പി. ടി. എ. സന്നദ്ധരായിരിക്കണം.

(ബി) ഉണ്ട്.

(സി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്നത് കേന്ദ്ര സർക്കാരാണ്.

LIBRARY ARCHIVES Kerala Legislative Assembly